സംസ്ഥാന സ്കൂൾ കലോൽസവത്തിൽ അപ്പീൽവഴി പങ്കെടുക്കുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവ്

69 (1091) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ അദ്ധ്യയന വർഷത്തെ സംസ്ഥാന സ്കൂൾ കലോൽസവത്തിൽ വിവിധ മത്സരങ്ങളിലായി എത്ര കുട്ടികൾ പങ്കെടുത്തു ;

(ബി) ഇതിൽ ജില്ലാ മത്സരങ്ങളിൽ വിജയിച്ച് അർഹത നേടിയവർ എത്രയായിരുന്നു ; അപ്പീൽവഴി പങ്കടുത്തവരുടെ എണ്ണമെത്ര ;

(സി) വർഷംപ്രതി അപ്പീലുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് കലോത്സവത്തെ എങ്ങനെയെല്ലാം പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) അപ്പീലുകളുടെ ബാഹുല്യം സംബന്ധിച്ച് ഹൈക്കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) അപ്പീലുകളുടെ എണ്ണം കുറയ്ക്കുന്നതിനും കലോൽസവം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; കലോത്സവ മാന്വലിൽ മാറ്റം വരുത്തുവാൻ ഉദ്ദേശ്യമുണ്ടോ ?

ഉത്തരം

(എ) 15266 കുട്ടികൾ പങ്കെടുത്തു.

(ബി) ജില്ലാ മത്സരങ്ങളിൽ വിജയിച്ച് അർഹത നേടിയവർ 8991.

അപ്പീൽ വഴി പങ്കെടുത്തവർ 6275.

(സി) അപ്പീലുകൾ ക്രമാതീതമായി വർദ്ധിക്കുന്നത് കലോൽസവത്തിന്റെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിച്ചിട്ടുണ്ട്. പല മത്സര ഇനങ്ങളും രാപ്പകലെന്യെ നീളുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ കലോത്സവത്തിൽ ചില മത്സരങ്ങൾ പൂർത്തിയാക്കുന്നതിന് 24 മണിക്കൂറിലും കൂടുതൽ സമയം എടുത്തിട്ടുണ്ട്. ഇത് മത്സര നടത്തിപ്പിനെയും മത്സരാർത്ഥികളെയും വിധികർത്താക്കളെയും വളരെയധികം ബുദ്ധിമുട്ടിച്ചിട്ടുണ്ട്.

(ഡി) ഹൈക്കോടതി പരാമർശം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഇ) കലോത്സവ മാന്വലിൽ മാറ്റംവരുത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly